**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4894** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ആകെ എത്ര കുട്ടികളാണ് ഉപരിപഠനത്തിന് അർഹത നേടിയതെന്ന് വിദ്യാലയങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 3060 |
| (സി) | പ്രസ്തുത നിയോജക മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഈ വർഷം പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ച് ആരംഭിക്കുന്നതിനും, കൂടുതൽ സീറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (സി) | **പാലക്കാട് ജില്ലയിലെ എല്ലാ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അത് പോലെ തന്നെ പ്രസ്തുത ജില്ലയിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആലത്തൂർ നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ലിങ്ങൽപ്പാടത്ത് ഒരു താൽക്കാലിക അധിക ബാച്ച് ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ അനുവദിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ